പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 2468

23.01.2014 ൽ
മറുപടിയ്ക്ക്

## ഐ.ടി. കമ്പനികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനുള്ള വ്യവസ്ഥകൾ

| ചോദ്യം<br>ശ്രീ. എം. ഉമ്മർ | മറുപടി<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി. കമ്പനികൾക്ക് കെട്ടിടം, വൈദ്യുതി ചാർജ്ജ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നത് നിലവിലുള്ള ഏത് ചട്ടത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ്; വിശദമാക്കാമോ; | എ) വ്യവസായ - വിവരസാങ്കേതിക വകുപ്പ് മന്ത്രി ചെയർമാനായുള്ള ഭരണ സമിതിയുടെ നിയന്ത്രണത്തിലും ഐ.ടി. സെക്രട്ടറി ചെയർമാനായുള്ള പദ്ധതി നിർവ്വഹണസമിതി (Project Implementation Board) അംഗീകരിച്ച നടപടിക്രമങ്ങളുടേയും അടിസ്ഥാനത്തിലാണ് ഐ.ടി. പാർക്കുകൾ പ്രവർത്തിക്കുന്നത്. ഇതനുസരിച്ച് ഐ.ടി. പാർക്കുകളിലെ ഐ.ടി. കമ്പനികൾക്ക് കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നത്, നിലവിലുള്ള നിയമങ്ങൾക്ക് വിധേയമാക്കികൊണ്ടുള്ള മൂന്നു വർഷത്തെ പാട്ട ഉടമ്പടിയിൽ മാസവാടക വ്യവസ്ഥയിലാണ്. ടെക്നോപാർക്കിലെ കമ്പനികൾക്ക് വൈദ്യുതി വിതരണം ചെയ്യുന്നതിനുള്ള ലൈസൻസ് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ നിന്നും ഇൻഫോപാർക്കിലെ കമ്പനികൾക്ക് വൈദ്യുതി വിതരണം ചെയ്യുന്നതിനുള്ള ലൈസൻസ് KINESCO യിൽ നിന്നുമാണ് ലഭിച്ചിട്ടുള്ളത്. ഇതനുസരിച്ച് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ എന്നിവയുടെ ചട്ടങ്ങൾ അനുസരിച്ചും സർക്കാർ ഉത്തരവ് പ്രകാരമുള്ള LT 4, HT1, എന്നീ താരിഫ് അടിസ്ഥാനമാക്കിയുമാണ് ഐ.ടി. കമ്പനികൾക്ക് വൈദ്യുതി വിതരണം ചെയ്യുന്നത്. |
| ബി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിദേശ കമ്പനികളുമായി സംസ്ഥാനസർക്കാർ നിലവിൽ പാട്ടക്കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാലയളവ്, വ്യവസ്ഥകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | ബി) ഇല്ല. |

| | | |
|---|---|---|
| സി) | ഏതെങ്കിലും വിദേശ കമ്പനികൾ പാട്ടക്കരാറിലെ വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടോ ; | (സി) യും (ഡി) യും ബാധകമല്ല. |
| ഡി) | എങ്കിൽ അവർക്കെതിരെ എന്തെല്ലാം നിയമനടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ